പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1060 30.10.2019-ലെ മറുപടി

എലവഞ്ചേരി-പല്ലശ്ശേന കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ. ബാബു | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | കഴിഞ്ഞ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ എലവഞ്ചേരി-പല്ലശ്ശേന കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായെന്ന് വിശദമാക്കുമോ; | എ) | പ്രസ്തുത കുടിവെള്ള പദ്ധതിയിലെ ഉത്പാദന ഘടകങ്ങളായ 25 എം.എൽ.ഡി. ശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ എന്നിവ ഉൾപ്പെടുന്ന പാക്കേജ് ടെണ്ടർ വിളിച്ച് 12.59 കോടി രൂപയ്ക്ക് കരാറുകാരനുമായി ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട് . |
| (ബി) | ഈ പദ്ധതിക്കായി നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ? | ബി) | എലവഞ്ചേരി-പല്ലശ്ശേന കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടം പ്രവൃത്തിയുടെ നിർവ്വഹണ കാലയളവ് 18 മാസമാണ്. ഈ പ്രവർത്തി 2021 ൽ പൂർത്തിയാകും. പോത്തുണ്ടി സ്രോതസ്സായ പ്രവർത്തികളിൽ വിതരണശൃംഖല ഉൾപ്പെട്ടിട്ടില്ല. ടി പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 6 ഗ്രാമപഞ്ചായത്തു കളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിന് ആവശ്യമായ ഉന്നതതല സംഭരണികൾ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, വിതരണ ശൃംഖലകൾ സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കേണ്ടതുണ്ട്. അതിനു വേണ്ടിയുള്ള സർവ്വേ നടപടികൾ നടത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന് ശേഷം ഭരണാനുമതിയും ധനലഭ്യതയും ഉറപ്പു വരുത്തിയാൽ മാത്രമേ പദ്ധതി വിഭാവനം ചെയ്ത രീതിയിലുള്ള പൂർണ്ണ പ്രയോജനം ലഭിക്കുകയുള്ളൂ . |

Renuka Sankar

സെക്ഷൻ ഓഫീസർ